"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസം - എൽ.എ.സി - എ.ഡി.എസ് - മലപ്പുറം ജില്ല - പൊന്നാനി നിയോജകമണ്ഡലം എം.എൽ.എ - യുടെ ആസ്തിവികസന പദ്ധതി (2022 - 23) - യിൽ നിന്നും ജി.എൽ.പി.എസ് ചിയ്യാന്നൂർ, ജി.എൽ.പി.എസ് വെളിയംകോട് എന്നീ സ്കൂളുകൾക്ക് വാഹനം വാങ്ങിയ തുക അനുവദിക്കുന്നതിനായി പുറപ്പെടുവിച്ച ഉത്തരവ് റീ - വാലിഡേറ്റ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (എം) വകുപ്പ്

സ.ഉ.(സാധാ) നം.8151/2024/GEDN തീയതി,തിരുവനന്തപുരം, 18-11-2024

പരാമർശം:- 14.02.2024 - ലെ സ.ഉ (സാധാ) നമ്പർ. 1228/2024/പൊ.വി.വ

<u>ഉത്തരവ്</u>

മലപ്പുറം നിയോജകമണ്ഡലം എം.എൽ.എ - യുടെ ആസ്തിവികസന ഫണ്ടിൽ (2022 - 23) നിന്നും ജി.എൽ.പി.എസ് ചിയ്യാന്നൂർ, ജി.എൽ.പി.എസ് വെളിയംകോട് എന്നീ സ്കൂളുകൾക്ക് വാഹനം വാങ്ങുന്നതിനായി തുക അനുവദിച്ചുകൊണ്ടും ടി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് മലപ്പുറം ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടും പരാമർശം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷം ടി തുക ഉപയോഗിച്ച് പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചില്ല.

(2) കഴിഞ്ഞ സാമ്പത്തിക വർഷം പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ജി.എൽ.പി.എസ് ചിയ്യാന്നൂർ, ജി.എൽ.പി.എസ് വെളിയംകോട് എന്നീ സ്കൂളുകൾക്ക് വാഹനം വാങ്ങുന്നതിന് അനുവദിച്ച തുകയായ 30,00,000/- (മുപ്പത് ലക്ഷം രൂപ മാത്രം) രൂപ നടപ്പ് സാമ്പത്തിക വർഷത്തിൽ ' 4202-01-800-84-Projects under LAC ADS - other Projects (NP) ' എന്ന ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ നിന്നും

ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി അനുവദിച്ചുകൊണ്ടും പരാമർശം ഉത്തരവ് റീ - വാലിഡേറ്റ് ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
2. ജില്ലാ കളക്ടർ, മലപ്പുറം
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
4. ട്രെഷറി ഡയറക്ടർ, തിരുവനന്തപുരം.
5. വിദ്യാഭ്യാസ ഉപഡയറക്ടർ, മലപ്പുറം
6. ധനകാര്യ വകുപ്പ് (04.07.2024 - ലെ അനൗദ്യോഗികക്കുറിപ്പ് നമ്പർ. E 2639701/NC-C1/93/2023 - Fin പ്രകാരം)
7. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി
8. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, പൂജപ്പുര (പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
9. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sajitha V
Date: 18-11-2024 17:18:01
സെക്ഷൻ ഓഫീസർ